## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1441 | 30-01-2018 -ൽ മറുപടിക്ക്

### ദുരന്തനിവാരണ സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അന്റ്വപ് ജേക്കബ് | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സർക്കാരും ഉത്തരവാദിത്തം നിറവേറ്റാത്തത് ദുരന്തനിവാരണ സംവിധാനങ്ങളെ ദുർബലപ്പെടുത്തിയതായി സി ആന്റ് എ ജി കണ്ടെത്തിയിട്ടുണ്ടോ; | എ) | 2010-2015 കാലയളവിലെ പ്രവർത്തനങ്ങൾ സി ആന്റ് എജി വിലയിരുത്തുകയും സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സി ആന്റ് എജി യുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച ഒരു വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്തു. |
| ബി) | 2017 മാർച്ചിലെ കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിലെ ദുരന്തനിവാരണം സംബന്ധിച്ച കണ്ടെത്തലുകളുടെയും വിമർശനങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | 2017 മാർച്ചിലെ കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് സി ആന്റ് എജി കണ്ടെത്തിയ വിഷയങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 30/07/2016 ലെ സ.ഉ (സാധാ) നം. 3104/2016/ഡിഎംഡി പ്രകാരം ജില്ലാ തല പ്ലാനുകളും ,09/09/2016 ലെ സ.ഉ (സാധാ) നം. 3667/2016/ഡിഎംഡി പ്രകാരം സംസ്ഥാന പ്ലാനും അംഗീകരിച്ചിട്ടുണ്ട്. 2011-12 മുതലുള്ള എല്ലാ വാർഷിക റിപ്പോർട്ടും കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Disaster Management Act, 2005 പ്രകാരം Village Disaster Managements Committees രൂപീകരിക്കുവാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ അതാത് പ്രദേശത്തിന്റെ ആവശ്യകത മാനിച്ച് ഇത്തരം സമിതികൾ രൂപികരിക്കുവാൻ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. Disaster Management Act, 2005 പ്രകാരം NGO Coordination Committee രൂപീകരിക്കുവാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും, കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാരേതര സ്ഥാപനങ്ങളുടെ (NGO) പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷാഫോറം Online ആയി SDMA യുടെ വെബ്സൈറ്റിൽ നൽകുകയും 31-12-2017 വരെ അപേക്ഷിക്കുവാൻ അനുമതി നൽകുകയും നിലവിൽ അപേക്ഷകൾ പരിശോധിച്ച് വരികയും ചെയ്യുന്നു. സി ആന്റ് എജി, മുന്നറിയിപ്പ് സംവിധാനം (Early Warning System) |

| | | | |
|---|---|---|---|
| | | | എന്ന് തെറ്റിദ്ധരിച്ചത് അംഗീകൃത ദുരന്തങ്ങളുടെ പ്രവചനവും ദുരന്ത സാഹചര്യവും വിവിധ തലങ്ങളിൽ ലഭ്യമാക്കുവാനുള്ള വിവര സംവേദന സംവിധാനം (Dissemination Systems) എന്ന നിലയിൽ സ്ഥാപിച്ച VHF Radio നെറ്റ് വർക്ക് ആണ്. ഈ സംവിധാനം പൂർണ്ണ പ്രവർത്തനക്ഷമം ആക്കുവാനായി 06/06/2014-ലെ സ.ഉ(സാധാ)നം 2497/2014/ഡി.എം.ഡി പ്രകാരം നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. 17/10/2012-ലെ സ.ഉ(കൈ) നം.262/2012/ ആഭ്യന്തരം, 31/08/2013-ലെ സ.ഉ (സാധാ) നം.2421/2013/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിക്കാൻ തദ്ദേശ വകുപ്പിനോട് ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 64 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന പ്രകാരം 02/01/2012 SRO No. 5/2012 പ്രകാരം സംസ്ഥാന ദുരന്ത ലഘൂകരണ നിധി (State Disaster Mitigation Fund) രൂപീകരിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രതിരോധസേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | സി) | 17/10/2012-ലെ സ.ഉ(കൈ)നം.262/2012/ ആഭ്യന്തരം, 31/08/2013-ലെ സ.ഉ (സാധാ) നം.2421/2013/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. |
| ഡി) | ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന, ജില്ലാ, പ്രദേശിക തലങ്ങളിൽ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | 30/07/2016 ലെ സ.ഉ (സാധാ) നം. 3104/2016/ഡിഎംഡി പ്രകാരം ജില്ലാ തല പ്ലാനുകളും , 09/09/2016 ലെ സ.ഉ (സാധാ) നം. 3667/2016/ഡിഎംഡി പ്രകാരം സംസ്ഥാന പ്ലാനും അംഗീകാരം നൽകിയിട്ടുണ്ട്.<br>നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. UNDP യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ - ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) സഹായത്തോടെ നടപ്പാക്കിയ ദുരന്ത-കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കൽ പദ്ധതിയിൽ (2013 17) ഉൾപ്പെടുത്തി മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>ഇന്ത്യയിൽ തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതിയും, മുന്നറിയിപ്പ് പദ്ധതിയും തിരുവനന്തപുരം നഗരത്തിന് വേണ്ടി 2015 ൽ തയ്യാറാക്കുകയും, ജില്ലാ അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽ നിന്നും പണം വകയിരുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ